തൊഴിലാളികൾക്ക് കോർപ്പറേഷൻ കാലാകാലങ്ങളിൽ ഇൻഷ്വറൻസ് പരിരക്ഷ നൽകിവരുന്നു. കൂടാതെ കോർപ്പറേഷൻ നേരിട്ട് നൽകുന്ന വിദ്യാഭ്യാസം, മെഡിക്കൽ, മരണാനന്തര സഹായം എന്നീ ക്ഷേമാശ്വാസങ്ങൾക്ക് പുറമേ ക്ഷേമനിധി ബോർഡുകൾ വഴി പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുകയും ചെയ്തുവരുന്നു.

കയറും കയറുൽപ്പന്നങ്ങളുടേയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം നൽകിവരുന്നു. കയർ മേഖലയിലെ സംരംഭകർക്ക് മാർജിൻ മണി വായ്പ നൽകുന്നു. പ്രത്യേക നിക്ഷേപ സഹായ പദ്ധതിയിലൂടെ സബ്സിഡി നൽകുന്നു. ഉൽപ്പാദനവും വിപണന പ്രോത്സാഹനവും പദ്ധതിയിലൂടെ ആനുകൂല്യങ്ങൾ നൽകി വരുന്നു. കയർ വിലയിലുള്ള വ്യതിയാനം പരിഹരിക്കുന്നതിനായി ഫണ്ട് നൽകിവരുന്നു. കയർമേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി നടപ്പാക്കിവരുന്നു. കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം സ്ഥിര/പ്രവർത്തന മൂലധനം നൽകുകയും അടിസ്ഥാന സൗകര്യ വികസനത്തിനായി ധനസഹായം നൽകുകയും ചെയ്യുന്നു.

ഖാദി മേഖലയിൽ പ്രത്യേക തൊഴിൽദാന പദ്ധതി പ്രകാരം വിവിധ പരമ്പരാഗത വ്യവസായങ്ങൾക്ക് സർക്കാർ ധനസഹായം അനുവദിച്ചിട്ടുണ്ട്. ഖാദി സഹകരണ സംഘങ്ങളേയും മറ്റ് ഖാദി സ്ഥാപനങ്ങളേയും പുനരുദ്ധരിക്കുന്നതിനായി സർക്കാർ സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്. ഖാദി തൊഴിലാളികൾക്ക് സർക്കാർ ധനസഹായത്തോടെ മിനിമം വേതനം നൽകിവരുന്നുണ്ട്. ക്ഷേമനിധി ബോർഡുവഴി പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നുണ്ട്.

ജനനി ജന്മരക്ഷാ പദ്ധതി

10(*40) <u>ശ്രീമതി ഗീതാ ഗോപി</u> :
<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> :
<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u> :
<u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജനനി ജന്മരക്ഷാ പദ്ധതി ആരംഭിച്ചതെന്നാണ് ; ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതിപ്രകാരം എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നത് ; അവ യഥാസമയം ലഭിക്കുന്നില്ലെന്നുള്ള ആക്ഷേപം പരിഹരിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി) :

(എ) 2013 ജൂൺ മാസം മുതൽ എ.പി.എൽ./ബി.പി.എൽ. ഭേദഗതിയില്ലാതെ പട്ടികവർഗ്ഗക്കാരായ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കുമായി പട്ടികവർഗ്ഗ വികസന വകുപ്പ് ജനനി ജന്മരക്ഷ എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. 11-8-2013-ന് അട്ടപ്പാടിയിൽ വച്ച് ഔദ്യോഗികമായി ടി പദ്ധതി ഉദ്ഘാടനം ചെയ്യപ്പെട്ടു. കേരളത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗർഭിണികളായ എല്ലാ സ്ത്രീകളുടെയും അവരുടെ കുഞ്ഞുങ്ങളുടെയും ആരോഗ്യ സംരക്ഷണത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് ജനനി ജന്മരക്ഷ. ഗർഭിണികളുടെയും കുഞ്ഞുങ്ങളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യ പരിപാലനം ഉറപ്പാക്കാൻ ഈ പദ്ധതി മൂലം സാധ്യമാകുന്നു.

(ബി) ഈ പദ്ധതി പ്രകാരം ഗർഭാവസ്ഥയുടെ 3-ാം മാസം മുതൽ കുഞ്ഞിന് ഒരു വയസ്സ് തികയും വരെ പ്രതിമാസം 1000 രൂപ നിരക്കിൽ പരമാവധി 18 മാസം ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിവരുന്നു.

ജനനി ജന്മരക്ഷാ പദ്ധതി പ്രകാരമുള്ള ധനസഹായം ഗുണഭോക്താവിന് ഇന്ത്യൻ പോസ്റ്റൽ സർവ്വീസ് മുഖാന്തരം മണിയോർഡറായാണ് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും അയച്ചിരുന്നത്. ചില പോരായ്മകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടപ്പോൾ വകുപ്പിലെ പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർ വഴി ധനസഹായം നേരിട്ട് നൽകുന്നതിന് നടപടി സ്വീകരിച്ചു കഴിഞ്ഞു.

സഹകരണ നയം

11(*41) പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. ജി. സുധാകരൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളോട് ഈ സർക്കാരിന്റെ സമീപനം വ്യക്തമാക്കാമോ ;

(ബി) പൊതുവിപണിയിൽ സാധാരണക്കാർക്ക് ആശ്വാസകരമായ രീതിയിൽ സബ്സിഡി നല്കി നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കുന്നതിൽ സ്വീകരിച്ച നിലപാട് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly